**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1868** **09-12-2022 - ൽ മറുപടിയ്ക്ക്**

**പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ പുതിയതായി അനുവദിച്ച കേരഗ്രാമം പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ? | (എ) | പുതുപ്പാടി കേരഗ്രാമം പദ്ധതിയ്ക്കായി (100 ഹെ. തെങ്ങും പ്രദേശം) ആകെ 25.67 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തെ തെങ്ങുകൾക്ക് സംയോജിത വള പ്രയോഗം, കേടുവന്നതും രോഗം ബാധിച്ചതും പ്രായാധിക്യം മൂലം ഉത്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയത് നടുന്നതിനുള്ള ആനുകൂല്യം, തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണർ, പമ്പ്സെറ്റ് എന്നിവയ്ക്ക് ആനുകൂല്യം, തെങ്ങുകയറ്റം യന്ത്രം സബ്സിഡി നിരക്കിൽ ലഭ്യമാക്കൽ, ജൈവവള യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ